# എ. എൽ. പി. സ്കൂൾ പാലായി

പ്രവർത്തന റിപ്പോർട്ട് ഒക്ടോബർ മുതൽ ഡിസംബർ വരെ

## സ്കൂൾ തല കായികമേള



സ്കൂൾ തലത്തിൽ കായികമേള നടത്തി കുട്ടികളെ സെലക്ട് ചെയ്തു. കുട്ടികളെ സ്റ്റേഡിയത്തിൽ കൊണ്ടുപോയി പരിശീലനം നൽകിയെങ്കിലും പോയിന്റ് നേടാൻ നമുക്ക് സാധിച്ചില്ല.

## സ്കൂൾതല ശാസ്ത്രമേള



സ്കൂൾതലത്തിൽ കുട്ടികളെ സെലക്ട് ചെയ്തു . പ്രവർത്തിപരിചയ അധ്യാപിക ശ്രുതി കുട്ടികൾക്ക് പ്രത്യേകപരിശീലനം നൽകി. സബ്ജില്ലാതല മത്സരത്തിൽ 49 പോയിന്റ് നേടി 10 ആം സ്ഥാനത്ത് എത്താൻ നമുക്ക് സാധിച്ചു.

**സ്കൂൾ കലോത്സവം**

കലോത്സവം നടത്തി എല്ലാ ഇനങ്ങളിലേക്കും കുട്ടികളെ സെലക്ട് ചെയ്തു. അധ്യാപകരുടെയും രക്ഷിതാക്കളുടെയും സഹായത്തോടെ

കുട്ടികളെ പരിശീലിപ്പിച്ചു.  കടങ്കഥയിൽ സബ്ജില്ലാതലത്തിൽ ഒന്നാം സ്ഥാനത്ത് എത്തിയത് ഏറെ അഭിമാനകരമാണ്.45 പോയിന്റ് നേടി 14 ആം സ്ഥാനത്ത് എത്താൻ നമുക്ക് സാധിച്ചു.

## നവംബർ 14 ശിശുദിനം

ശിശുദിനം വളരെ ഗംഭീരമായി കൊണ്ടാടി . പ്രത്യേക അസംബ്ലി ചേർന്ന് ശിശുദിനത്തിന്റെ പ്രാധാന്യം ഹെഡ്മാസ്റ്റർ വ്യക്തമാക്കി. കുട്ടികൾ ശിശുദിന ഗാനങ്ങൾ ആലപിച്ചു. ചാ ച്ചാ ജിയെ കുറിച്ചുള്ള പാട്ടുകൾ പാടിക്കൊണ്ട് റാലി നടത്തി. കുട്ടികൾക്കായി പ്രസംഗം, ചാച്ചാജിയെ കുറിച്ചുള്ള പാട്ടുകൾ, വരകളിലൂടെ ചാച്ചാജി, പതിപ്പ് നിർമ്മാണം,  വിവിധങ്ങളായ പരിപാ ടികൾ സംഘടിപ്പിച്ചു. പായസ വിതരണവും  നടന്നു.




## പിടിഎ കമ്മിറ്റി യോഗം

കായികമേള , കലോത്സവം , ശാസ്ത്രമേള , എന്നിവയിൽ നമ്മുടെ സ്കൂളുകൾ നേടിയ പോയിന്റുകളെ കുറിച്ചുള്ള ചർച്ച നടന്നു. വരും വർഷങ്ങളിൽ കൂടുതൽ പരിശീലനം നൽകേണ്ടതുണ്ടെന്ന് അഭിപ്രായവും വന്നു. പഠന പരിപോഷണ പരിപാടിയെക്കുറിച്ച് വിലയിരുത്തി. വാർഷികാഘോഷം  എങ്ങനെ നടത്തണമെന്ന കാര്യത്തെക്കുറിച്ച് ചർച്ച നടന്നു.

## ഗാന്ധിജയന്തി

ഗാന്ധിജയന്തിയുമായി ബന്ധപ്പെട്ട് ക്വിസ് മത്സരം , പതിപ്പ് നിർമ്മാണം, എന്നിവ നടന്നു. ഗാന്ധിയെ അറിയാൻ പ്രവർത്തനവുമായി ബന്ധപ്പെട്ട് കുട്ടികൾ ഗാന്ധിജിയുമായി ബന്ധപ്പെട്ട പുസ്തകങ്ങൾ വായിക്കുകയും ചെയ്തു.

## പഠന പരിപോഷണ പരിപാടി

കാസർഗോഡ് ഡയറ്റിന്റെ നേതൃത്വത്തിൽ നടത്തിവരുന്ന പഠന പരിപോഷണ പരിപാടി അനിൽ മാസ്റ്റർ ഉദ്ഘാടനം ചെയ്തു. മൂന്ന് നാല് ക്ലാസുകളിലെ കുട്ടികൾക്ക് പ്രീ ടെസ്റ്റ് നടത്തി വായന വേഗത കുറഞ്ഞ കുട്ടികളെ കണ്ടെത്തി പ്രത്യേക പരിശീലനം നൽകി വരുന്നു . എല്ലാ ദിവസവും അധികസമയം എടുത്ത് കുട്ടികൾക്ക് വായന ലേഖന പ്രവർത്തനങ്ങളിൽ പരിശീലനം നൽകി വരുന്നു. വിവിധ കളികൾ , കാർഡ് വായന ,പാട്ട് ഇങ്ങനെ വ്യത്യസ്തങ്ങളായ പ്രവർത്തനങ്ങളിലൂടെയാണ് കടന്നുപോകുന്നത്. കുട്ടികളിലും രക്ഷിതാക്കളിലും ഇത് താൽപര്യം ജനിപ്പിച്ചിട്ടുണ്ട്.പിടിഎ കമ്മിറ്റി അംഗങ്ങളും രക്ഷിതാക്കളും പങ്കെടുത്തു



## കേരളപ്പിറവി

കേരളപ്പിറവിയുമായി ബന്ധപ്പെട്ട് ക്വിസ്, മത്സരം ,പതിപ്പ് നിർമ്മാണം , കേരള ഗാനാലാപനം , ഭൂപടം തയ്യാറാക്കൽ എന്നിങ്ങനെ വ്യത്യസ്തങ്ങളായ പ്രവർത്തനങ്ങൾ നടന്നു .

## ക്ലാസ്സ് പി ടി എ , ജനറൽ ബോഡി യോഗം

രണ്ടാം **mid term** മൂല്യനിർണയം വിലയിരുത്തൽ നടന്നു . എല്ലാ രക്ഷിതാക്കളും പങ്കെടുത്തു. കുട്ടികൾ ക്ക് പ്രയാസം നേരിട്ട ഭാഗങ്ങൾ കൂടുതൽ വിശദമാക്കി കൊടുത്തു. കുട്ടികൾ നേടേണ്ട പഠനനേട്ടങ്ങൾ കൃത്യമായി രക്ഷിതാക്കൾ ശ്രദ്ധിക്കണമെന്നും **second term evaluation** നുള്ള ഒരു മാതൃകയാണ് ഇതെന്നും രക്ഷിതാക്കളെ ബോധ്യപ്പെടുത്തി. വാ ർഷികാഘോഷം എങ്ങനെ നടത്തണമെന്നതിനെക്കുറിച്ചുള്ള ചർച്ചയും നടന്നു.

## ക്രിസ്മസ് ആഘോഷം

ക്രിസ്മസ് ആഘോഷം വളരെ ഗംഭീരമായി നടന്നു. കുട്ടികൾ ക്രിസ്മസ് കരോൾ സംഘടിപ്പിച്ചു. ക്രിസ്മസ് കേക്ക് മുറിച്ച് കരോൾ ഗാനം ആലപിച്ചു . കുട്ടികൾക്കായി വിഭവസമൃദ്ധമായ ക്രിസ്മസ് സദ്യയും ഒരുക്കി.

